# കാർഷികകാലാവസ്ഥബുള്ളറ്റിൻ - കോട്ടയം ജില്ല

ഫോൺ:0481-2524421 - ഇമെയിൽ: amfukumarakom@gmail.com

**നമ്പർ: Ktm-40/2025** *കാർത്തിക ഞാറ്റുവേല* **തീയതി: 20.05.2025 മേടം 06**

(ഭാരതീയ അന്തരീക്ഷശാസ്ത്രവിഭാഗം, ന്യൂഡൽഹിയുടെ ജില്ലാ തല കാലാവസ്ഥ പ്രവചനത്തെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്).

(കാർഷിക കാലാവസ്ഥ ഫീൽഡ് യൂണിറ്റ്, പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, കുമരകം, ഭാരതീയ അന്തരീക്ഷ ശാസ്ത്രവിഭാഗംഎന്നിവ സംയുക്തമായി നൽകുന്നത്)

| കഴിഞ്ഞവാരം -സംക്ഷിപ്തകാലാവസ്ഥ (15/05/25- 19/05/25) | കാലാവസ്ഥ പ്രവചനം (21/05/25 - 25/05/25) |
|---|---|
| കഴിഞ്ഞ വാരത്തിലെ ഉയർന്ന താപനില 34.5 ഡിഗ്രി സെല്ഷ്യസും കുറഞ്ഞ താപനില 21.5 സെൽഷ്യസ് വരെയും ആയിരുന്നു. അന്തരീക്ഷത്തിലെ ആപേക്ഷിക ആർദ്രത 63-നും 96-നും ഇടയിലും പടിഞ്ഞാറൻ കാറ്റിന്റെ വേഗത മണിക്കൂറിൽ 2-4 കിലോമീറ്റർ വരെയുമായിരുന്നു. കോട്ടയം ജില്ലയിൽ ഈ കാലയളവിൽ 42.8 mm മഴ ലഭിച്ചു | കോട്ടയം ജില്ലയിൽ 20,23,24 തീയതികളിൽ ഒറ്റപ്പെട്ട ഇടങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യത ഈ ദിവസങ്ങളിൽ യെല്ലോ അല്ലെർട്ട് പ്രഖ്യാപിച്ചിരിക്കുന്നു. തുടർന്നുള്ള ദിവസങ്ങളിൽ ഉച്ചക്ക് ശേഷം ഇടിയോടുകൂടിയ മഴയ്ക്കും കാറ്റിനും സാദ്ധ്യത, ഈ ആഴ്ച പരമാവധി താപനില 33.0$^0$C ഉം കുറഞ്ഞ താപനില 23.0$^0$C ഉം ആയിരിക്കും. അന്തരീക്ഷ ആർദ്രത 85% നും 95% നും ഇടയിൽ ആയിരിക്കും. പടിഞ്ഞാറൻ കാറ്റിന്റെ വേഗത 3-5 കിലോമീറ്റർ വരെ ആകാൻ സാധ്യതയുണ്ട്. |

**കാർഷികകാലാവസ്ഥമുന്നറിയിപ്പുകൾ:** നിലവിലുള്ള അന്തരീക്ഷസ്ഥിതിയിൽ കൃഷിക്കാർ ചുവടെ പറയുന്ന ജാഗ്രതാ നിർദ്ദേശങ്ങൾ പാലിക്കാൻ താത്പര്യപ്പെടുന്നു.

| | | |
|---|---|---|
| **പൊതു നിർദ്ദേശങ്ങൾ** | | തുടർച്ചയായി മഴ പ്രതീക്ഷിക്കുന്നതിനാൽ ചാലുകൾ വൃത്തിയാക്കി നീർ വാഴ്ച ഉറപ്പാക്കുക. |
| **നെല്ല്** | വളർച്ചാ ഘട്ടം | വൈകി വിതച്ച പാടങ്ങളിൽ 30 ഡിഗ്രിക്കു മുകളിൽ ഉയരുന്ന അന്തരീക്ഷ താപനില നെൽച്ചെടിയുടെ പരാഗണത്തെ ബാധിക്കാൻ സാധ്യതയുണ്ട് . ഇത് പ്രെതിരോധിക്കാൻ പാടങ്ങളിൽ വെള്ളം കെട്ടിനിറുത്തുന്നത് അഭികാമ്യമാണ്. |
| **തെങ്ങ്** | വളർച്ചാ ഘട്ടം | തെങ്ങിൽ വർഷത്തിൽ മുഴുവൻ സമയവും കായകൾ ഉണ്ടായിക്കൊണ്ടിരിക്കും. തെങ്ങിലിന്റെ വളർച്ചക്കും നല്ല കായ്ഫലം ലഭിക്കാനും ജലസേചനം അത്യാവശ്യമാണ്. കൂടാതെ മൂലകങ്ങൾ വലിച്ചെടുക്കാൻ മണ്ണിൽ ഈർപ്പം അത്യാവശ്യമാണ് |
| **വാഴ** | വളർച്ചാ ഘട്ടം | നേന്ത്രവാഴയുടെ കുലകൾ രൂപപ്പെടുന്നത് ഈ മാസത്തിലാണ്. നല്ല കുലകൾ ലഭിക്കാൻ ജലസേചനം അത്യന്താപേക്ഷികമാണ്. |
| പയർ | വളർച്ചാ ഘട്ടം | പയറിൽ മുഞ്ഞയെ നിയന്ത്രിക്കാൻ വപേപണ്ണെ മിശ്രിതം തളിക്കുക. |
| **കുരുമുളക്** | വളർച്ചാ ഘട്ടം | കുരുമുളകിന് ചെടിയുടെ ചുവട്ടിൽ നിന്നും 30-40 cm അകലത്തിൽ 10-15 cm താഴ്ചയിൽ തടമെടുത്തു വളം നൽകാവുന്നതാണ്. ചെടിചെടി ഒന്നിന് 10 കി.ജൈവ വളം / കാലിവളവും 500 ഗ്രാം കുമ്മായവും നൽകണം 2ആഴ്ചക്കു ശേഷം ചെടി ഒന്നിന് 125ഗ്രാം ഫാക്റ്റംഫോസ് 120ഗ്രാംപൊട്ടാഷും നൽകേണ്ടത്. |